## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4973 | 27.06.2019 - ൽ മറുപടിക്ക് |
|---|---|

## പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അൻവർ സാദത്ത്<br>,, എ.പി. അനിൽ കുമാർ<br>,, അനിൽ അക്കര | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ, ദേശീയപാത വികസനം അടക്കമുള്ള കാര്യങ്ങളിൽ സഹായമഭ്യർത്ഥിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടിരുന്നോ; | (എ) | പ്രളയാനന്തര പുനർനിർമ്മാണ പ്രക്രിയയിൽ കേന്ദ്രത്തിന്റെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചു കൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി 25/09/2018-ൽ കൂടിക്കാഴ്ച നടത്തുകയും സമഗ്രമായ ഒരു മെമ്മോറാണ്ടം പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത കൂടിക്കാഴ്ചയിൽ എന്തൊക്കെ ആവശ്യങ്ങളാണ് സംസ്ഥാനം മുന്നോട്ടുവച്ചത്; | (ബി) | സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 3000 കോടി രൂപ അനുവദിക്കുക, ലോകബാങ്ക്, ADB, മറ്റ് ഏജൻസികൾ എന്നിവയിൽനിന്ന് ദീർഘകാല ലോൺ ലഭിക്കുന്നതിന് കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കുക, പ്രളയാനന്തര പുനർനിർമ്മാണത്തിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കുക, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തുക, സെൻട്രലി സ്പോൺസേർഡ് സ്കീമുകൾക്കുള്ള ധനസഹായത്തിൽ 10% വർദ്ധന വരുത്തുക, 5000 കോടിയുടെ സ്പെഷ്യൽ ഗ്രാന്റ് |

| | | | |
|---|---|---|---|
| | | | അനുവദിക്കുക, ദേശീയ ദുരന്ത നിവാരണ പ്രതികരണ നിധിയിൽ നിന്നും 4796 കോടി രൂപ അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിക്കുക തുടങ്ങിയ ആവശ്യങ്ങൾ സംസ്ഥാന സർക്കാർ മുന്നോട്ടു വച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ ഏതൊക്കെ ആവശ്യങ്ങൾ പരിഗണിക്കാമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (സി) | ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീപദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. അതുപ്രകാരം കെ എസ് ടി പി പദ്ധതി ഉപയോഗിക്കാതിരുന്ന 45 ദശലക്ഷം യു എസ് ഡോളർ പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി റോഡുകൾ പുനർനിർമ്മിക്കുന്നതിന് ഉപയോഗിക്കാൻ അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ ഒരു ശതമാനം സെസ് ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ പ്രതികരണ നിധിയിൽ നിന്നും 2904.85 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ലോകബാങ്ക്, കെ എഫ് ഡബ്ലിയു എന്നിവയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ